# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2350. 13.02.2013 ൽ മറുപടിയ്ക്ക്

### ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് തിരിച്ചറിയൽ കാർഡ്

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ഓട്ടോറിക്ഷാ ഡ്രൈവർമാർ മീറ്റർ പ്രവർത്തിപ്പിക്കാതെ യാത്രക്കാരിൽ നിന്നും അമിത ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ചില ഓട്ടോറിക്ഷാ ഡ്രൈവർമാർ യാത്രക്കാരിൽ നിന്നും അമിത ചാർജ്ജ് വാങ്ങുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ അമിത ചാർജ്ജ് ഈടാക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | പൊതുജനങ്ങളിൽ നിന്നും മറ്റു ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും എൻഫോഴ്സ്മെന്റ് വിഭാഗത്തിനും നല്കുകയും അവർ അത് പരിശോധിച്ച് അത്തരം ഡ്രൈവർമാർക്കെതിരെ കർശന നടപടി എടുക്കുന്നുമുണ്ട്. മാത്രമല്ല വാഹന പരിശോധന സമയത്ത് മീറ്റർ പ്രവർത്തിപ്പിക്കാത്ത ഓട്ടോറിക്ഷകൾക്ക് പിഴ ഈടാക്കി കർശനമായി മീറ്റർ പ്രവർത്തിക്കണമെന്ന് നിർദ്ദേശം നല്കുന്നുണ്ട്. |
| (സി) ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന സംവിധാനം നിലവിലുണ്ടോ ; | (സി) | തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, മലപ്പുറം, കോഴിക്കോട് റൂറൽ, കണ്ണൂർ എന്നിവിടങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പ് ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് തിരിച്ചറിയൽകാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ അതിൽ ഉൾപ്പെടുത്തി-യിരിക്കുന്ന വിവരങ്ങൾ വിശദീകരിക്കുമോ ; | (ഡി) | ഫോട്ടോ, ഐ.ഡി. നമ്പർ, മേൽ വിലാസം, ഓട്ടോ സ്റ്റാന്റ്, പെർമിറ്റ് നമ്പർ, പെർമിറ്റിന്റെ കാലാവധി, ലൈസൻസ് നമ്പർ, ബാഡ്ജ് നമ്പർ, വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ഫോൺ നമ്പർ, ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവയാണ് തിരിച്ചറിയൽകാർഡിൽ ഉൾപ്പെടുത്തി-യിരിക്കുന്നത്. |
| (ഇ) | ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | (ഇ) | പ്രസ്തുത നിർദ്ദേശം ഇപ്പോൾ ഗതാഗത വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.